കുടിവെള്ളക്ഷാമം: പായിപ്രയിൽ എൻജിനീയറെ തടഞ്ഞുവച്ചു

മൂവാറ്റുപുഴ: പതിമൂന്നുകോടി രൂപ മുടക്കി 2004ൽ പണി പൂർത്തീകരിച്ച മുളവൂർ, അശമന്നൂർ, തൃക്കാരിയൂർ വില്ലേജ് വാട്ടർ സപ്ലൈസ്കീം കമ്മീഷൻ ചെയ്യാത്തതിൽ പ്രതിഷേധം ശക്തം. അടിയന്തിരമായി വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്യണമെന്നാവശ്യപ്പെട്ട് പായിപ്ര പഞ്ചായത്ത് പ്രതിപകഷ മെമ്പർമാർ വാട്ടർ അതോറിറ്റി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറെ ഘെരാവോ ചെയ്തു.

പായിപ്രപഞ്ചായത്തിലെ പതിമൂന്നു പട്ടികജാതി കോളനികളിലും, ഉയർന്ന പ്രദേശങ്ങളായ തട്ടുപറമ്പ്, ചേന്നരത്തടം, മുടവൂർ, പായിപ്രകോളനി, മാനാറി, തേരാപ്പാറ, കുരിക്കാവുംമുകൾ, കാവാട്ടുമുക്ക്, ചാരപ്പാട്ട് എന്നീ പ്രദേശങ്ങളാണ് വർൾച്ച രൂക്ഷമായതോടെ വെള്ളമില്ലാതെ വലയുന്നത്. മൂവാറ്റുപുഴ ആറിൽ നിന്നും കേവലം രണ്ടര കിലോമീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന ഈ വാട്ടർ സപ്ലൈ ടാങ്കിലേക്ക് പൈപ്പ് വഴി വെള്ളം എത്തിച്ചാൽ ഇന്നുള്ള കുടിവെള്ള ക്ഷാമം തീർത്തും പരിഹരിക്കുവാൻ സാധിക്കും. പണിപൂർത്തിയാക്കിയിട്ട് നാലുവർഷമായി ഉപയോഗിക്കാതെ കിടക്കുന്നതിനാൽ ടാങ്കും, അതിനോട് ചേർന്നുള്ള പൈപ്പുകളും തുരുമ്പെടുത്തു നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതി കമ്മീഷൻ ചെയ്താൽ ഉയർന്ന പ്രദേശങ്ങളിൽ മുഴുവൻ വെള്ളമെത്തിക്കുവാൻ സാധിക്കുമെന്ന് പായിപ്രപഞ്ചായത്തിലെ യു.ഡി.എഫ് മെമ്പർമാർ പറഞ്ഞു. . മെമ്പർമാരായ പി. സി. രാജൻ, കെ. കെ. ഉമ്മർ, കെ. പി. ജോയി, കെ. എം. പരീത്, കെ. വി. കമാലുദ്ദീൻ, കെ. പി. മൈതീൻ, ടോമി. പി. മത്തായി, സോഫിയ ബീവി, റെയിച്ചൽ ജോർജ്ജ്, ഫാത്തിമ അലിയാർ, മിസ്ലീംലീഗ് നിയോജകമണ്ഡലം പ്രസിഡൻറ് പി. എ. ബഷീർ, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡൻറ് അബ്രഹാം തൃക്കളത്തൂർ, സെക്രട്ടറി പി. എം. അസീസ് എന്നിവർ പ്രസംഗിച്ചു. ഘരാവോ ചെയ്തവരെ പിന്നീട് പൊലീസ് അറസ്റ്റ് ചെയ്തു നീക്കി.

ഞങ്ങൾ സന്തുഷ്ടരാണ്...

കാലടി : ആലങ്ങാട് പള്ളിയിൽ വെച്ച് എഴുപത്തഞ്ച് വർഷം മുൻപ് താലിചാർത്തിയ പ്രിയതമയെ കാളവണ്ടിയിൽ പാറപ്പുറത്തെ വീട്ടിലേയ്ക്കും, തൻെറ ജീവിതത്തിലേയ്ക്കും കൊണ്ടു വന്ന വിശേഷങ്ങൾ പറയുമ്പോൾ കിഴേത്താൻ പൗലോയുടെ കൂടെ നിറചിരിയോടെ ഓർമ്മകൾ പങ്കുവയ്ക്കുന്ന ചിരിയുമായി ഭാര്യ അന്നവും. സ്നേഹത്തിൻെറയും പങ്കുവയ്ക്കലിൻെറയും പരസ്പരധാരണയിൽ തീർത്ത മാതൃകാ ദാമ്പത്യം എഴുപത്തഞ്ച് വർഷം പൂർത്തിയാക്കിയ പൗലോയ്ക്ക് ഇപ്പോൾ 96 വയസും, ഭാര്യ അന്നത്തിന് 93 വയസുമാണ്. ഈ പ്രായത്തിലും കണ്ണടവയ്ക്കാതെ പത്രം വായിക്കുന്ന പൗലോ തൻെറ ആരോഗത്തിൻെറ രഹസ്യം ചോദിക്കുമ്പോൾ ഉത്തരം ഒരു ചിരിയിൽ ഒതുക്കുന്നു. നല്ലകാലത്ത് താൻ കൃഷിപണിയിൽ സജീവമായിരുന്നതായും അദേഹം പറഞ്ഞു. പണ്ട് ഒരുപാട് വഴക്കും, ചിലപ്പോൾ അടിയും കിട്ടിയിട്ടുണ്ടെന്ന് അന്നം നിറചിരിയോടെ ഓർമ്മിക്കുന്നു. അപൂർവ്വമായ ഈ ദാമ്പത്യസൗഭാഗ്യത്തിൽ സന്തോഷിക്കാനും, ആശംസകൾ നേരാനും ഈ ദമ്പതികളുടെ അഞ്ചു മകളും, മരുമക്കളും തറവാട്ടു വീട്ടിൽ എത്തി. ആനിസ്, പൗലോസ്, മറിയാമ്മ, കുര്യൻ, ജോണി എന്നീ അഞ്ചു മക്കളാണ് പൗലോ, അന്നം ദമ്പതികൾക്ക് ഉള്ളത്. പാറപ്പുറത്തെ തറവാട്ടു വീട്ടിൽ താമസിക്കുന്ന പൗലോ, അന്നം ദമ്പതിമാരുടെ ചുളിഞ്ഞ മുഖങ്ങൾ വിളിച്ചോതുന്നു ഞങ്ങൾ സന്തുഷ്ടരാണെന്ന്.

താരം 'പപ്പൻ സഖാവ്' തന്നെ

കൊല്ലം : മേയർ പദവി പോയെങ്കിലും കോർപ്പറേഷൻ കൗൺസിലിൽ ഇന്നലെയും താരം 'പപ്പൻ സഖാവ്' തന്നെയായിരുന്നു.

കഴിഞ്ഞ നാലുവർഷത്തെ മേയർ ഭരണത്തിന്റെ അനുഭവസമ്പത്തിൽ നിന്ന് ചെയ്തതും ചെയ്യേണ്ടതും ചെയ്തുകൂടാത്തത് സംബന്ധിച്ച ഉപദേശവും നിർദ്ദേശവുമെല്ലാം വിസ്തരിച്ച് പറയാൻ ഏതാണ്ട് ഒരുമണിക്കൂർ നേരമെടുത്തു പത്മലോചനൻ. 'ഇതെന്റെ വിടവാങ്ങൽ പ്രസംഗമാണ്' എന്ന ആമുഖത്തോടെ തുടങ്ങിയതുകൊണ്ട് അവസാനം വരെ പ്രതിപക്ഷവും അനങ്ങാതെ കേട്ടിരുന്നു. കൗൺസിലിന് മേയറുടെ അങ്കവസ്ത്രത്തിൽ മാത്രം കണ്ടിട്ടുള്ള പത്മലോചനൻ സാദാ അംഗമായി കൗൺസിലിൽ എത്തുമോ എന്ന അഭ്യൂഹത്തിനിടയാക്കാതെ കൗൺസിൽ തുടങ്ങുന്നതിന് മുമ്പുതന്നെ മുൻനിരയിലുള്ള സീറ്റുകളിലൊന്നിൽ സ്ഥാനം പിടിച്ചിരുന്നു. തുടക്കത്തിൽ തന്നെ 'വിടവാങ്ങൽ പ്രസംഗ'ത്തിന് പത്മനാഭൻ എഴുന്നേറ്റെങ്കിലും എല്ലാ കൗൺസിലർമാരും എത്തിയതിനുശേഷം സംസാരിക്കാമെന്ന് പ്രതിപക്ഷംകൂടി അഭ്യർത്ഥിച്ചതോടെ ഇരുന്നു. ഒടുവിൽ മറ്റ് കൗൺസിലർമാർ എല്ലാം സംസാരിച്ചുകഴിഞ്ഞശേഷമാണ് പത്മലോചനൻ സംസാരിക്കാൻ എഴുന്നേറ്റത്. ലൈസൻസ് ഫീ വർദ്ധിപ്പിച്ചത്, അടിപ്പാത നിർമ്മാണം, ടൗൺഹാൾ നവീകരിക്കൽ, നാലുവരിപ്പാത തുടങ്ങിയ വിവാദവും അല്ലാത്തതുമായ എല്ലാ പ്രവൃത്തികളേയുംപറ്റി സ്വന്തം നിലയിൽ ന്യായീകരിച്ചു കടന്നുപോയെങ്കിലും അലോസരപ്പെടുത്താൻ ആരും ഇടപെട്ടില്ല. ഒടുവിൽ ഇത്രയും സമയം തന്നെ കേട്ടിരുന്നവർക്ക് നന്ദി പറഞ്ഞു കൊണ്ടാണ് അദ്ദേഹം നിറുത്തിയത്.

കൗൺസിൽ യോഗം കഴിഞ്ഞ് മുൻമേയർ എൻ. പത്മലോചനൻ പുറത്തേക്ക് വരുന്നു. യു.ഡി.എഫ് കൗൺസിലർമാർ പിന്നാലെ

സ്കൂളിന് തറക്കല്ലിട്ടിട്ട് നാലുവർഷം: പഠനം ഇന്നും വാടകക്കെട്ടിടത്തിൽ

എടപ്പാൾ: ചങ്ങരംകുളത്തിനടുത്ത മൂക്കുതല ബേബിപ്പടിയിൽ ഗവ: ഇംഗ്ലീഷ് മീഡിയം സ്കൂൾ നിർമ്മാണത്തിനായി നാലുവർഷം മുമ്പ് പാകിയ കല്ലിന്മേൽ മറ്റൊരു കല്ലുപോലും ഉയർന്നിട്ടില്ല. നാലുകൊല്ലം മുമ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടിയാണ് കൊട്ടിഘോഷിച്ച ശിലാസ്ഥാപനം നടത്തിയത്.

കാട്ടുപറമ്പിലെ പതിച്ചുകൊടുത്ത സ്ഥലം തിരിച്ചെടുത്താണ് പതിനഞ്ചു സെന്റ് ഭൂമി ഇതിനായി നീക്കിവെച്ചത്. ഇതിനോട് ചേർന്ന് നന്നംമുക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാനും പദ്ധതിയുണ്ടായിരുന്നു. എൽകെജി, യുകെജി ഡിവിഷനുകളിലായി അമ്പതിലേറെ കുട്ടികളാണ് പഠനം നടത്തുന്നത്. നേരത്തെ പ്രവർത്തിച്ചിരുന്ന വാടക കെട്ടിടം പൊളിച്ചതോടെയാണ് പുതിയ കെട്ടിടനിർമ്മാണത്തിനായി സ്ഥലം കണ്ടെത്തി ശിലാസ്ഥാപനം നടത്തിയിരുന്നത്.

എന്നാൽ വാടക കെട്ടിടത്തിൽ നിന്ന് മാറ്റി സ്വന്തം കെട്ടിടത്തിലേക്കെന്ന് പറഞ്ഞെങ്കിലും നാലു വർഷമായിട്ടും ഇപ്പോളും കുട്ടികൾ പഠനം നടത്തുന്നത് മാക്കാലിയിലുള്ള മറ്റൊരു വാടക കെട്ടിടത്തിലാണ്. ഒരു ലോഡ് കല്ലിറക്കിയത് പറമ്പിൽ കിടക്കുന്നു. മൂന്ന് ഭാഗവും അടിത്തറയ്ക്കായി നിർമ്മിച്ച കിടങ്ങുകൾ മാത്രമാണ് ഇതുവരെ ചെയ്ത ജോലി. സ്കൂൾ പ്രസ്തുത സ്ഥലത്ത് ഉടൻ നിർമ്മിക്കണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.

സി.പി. എം ഉപരോധ സമരം ആരംഭിച്ചു

കൽപ്പറ്റ: കേന്ദ്ര സർക്കാരിൻെറ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള പ്രക്ഷോഭത്തിൻെറ ഭാഗമായി ജില്ലയിൽ മൂന്നിടത്ത് ഉപരോധ സമരം തുടങ്ങി. സിപിഎം നേതൃത്വത്തിൽ താലൂക്ക് ആസ്ഥാനങ്ങളായ കൽപ്പറ്റ, മാനന്തവാടി, ബത്തേരി എന്നിവിടങ്ങളിലെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് മുന്നിലാണ് ഉപരോധം.

തിങ്കളാഴ്ച കാലത്ത് എട്ടിന് സമരം തുടങ്ങി. മൂന്ന് താലൂക്ക് കേന്ദ്രങ്ങളിലും നൂറുകണക്കിനാളുകൾ ഉപരോധ സമരത്തിൽ അണിനിരന്നു. വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ജനജീവിതത്തെ ദുസ്സഹമാക്കിയതിൻെറ പ്രതിഷേധം ഉപരോധ സമരത്തിലുയർന്നു. പൊട്രോൾ- ഡീസൽ വിലവർധന പിൻവലിക്കുക, കേരളത്തിൻെറ സാർവത്രിക റേഷനിങ്ങ് സമ്പ്രദായം പുന:സ്ഥാപിക്കുക, എൽഎപിഎൽ വിഭാഗത്തിന് കിലോക്ക് 8.90 രൂപക്ക് അരിനൽകുക, എപിഎൽ വിഭാഗത്തിന് റേഷൻ നിഷേധിക്കുന്ന കരട് ഭകഷ്യസുരകഷാനിമയമം പിൻവലിക്കുക, പലവ്യഞ്ജനങ്ങളും പയറും ന്യായവിലക്ക് റേഷൻ ഷാപ്പ് വഴി ലഭ്യമാക്കുക, വൈദ്യുതി കണക്ഷനുള്ളവർക്ക് മണ്ണെണ്ണ ക്വാട്ട നിഷേധിക്കുന്ന നയം പിൻവലിക്കുക, ഭക്ഷ്യ വസ്തുക്കൾക്ക് മേലുള്ള അവധി വ്യാപാരം നിരോധിക്കുക, നാണ്യവിളകളെ വിലത്തകർച്ചയിൽ നിന്ന് രക്ഷിക്കാൻ പാക്കേജിന് രൂപം നൽകുക, കേരളത്തിൻെറ ഭക്ഷ്യസുരക്ഷാ പദ്ധതിക്ക് പ്രത്യേക ധനസഹായം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് അഞ്ച് ദിവസത്തെ ഉപരോധം.

കൽപ്പറ്റ ടെലിഫോൺ എക്സചേഞ്ചിന് മുന്നിൽ നടന്ന ഉപരോധം സംസ്ഥാന കമ്മിറ്റി അംഗം പി എ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. എം മധു അധ്യക്ഷനായി. സി കെ ശശീന്ദ്രൻ, എം ഡി സെബാസ്റ്റ്യൻ, പി ഗഗാറിൻ, പി സുരേഷ് എന്നിവർ സംസാരിച്ചു. എം വേലയുധൻ സ്വാഗതം പറഞ്ഞു. കടവൻ അബൂബക്കർ, യു വേണുഗോപാൽ, പി എം നാസർ, പി ടി ലീല, സീതാബാലൻ എന്നിവർ നേതൃത്വം നൽകി. കണിയാമ്പറ്റ, വെങ്ങപ്പള്ളി, കോട്ടത്തറ ലോക്കൽ കമ്മിറ്റികളുടെ നേതൃത്വത്തിലായിരുന്നു തിങ്കളാഴ്ചത്തെ സമരം. ചൊവാഴ്ച സമരത്തിൽ മുട്ടിൽ, വാഴവറ്റ, മൂപ്പൈനാട് ലോക്കലുകൾ അണിനിരക്കും.

ബത്തേരി പോസ്റ്റാഫീസിന് മുന്നിൽ നടന്ന സമരം ജില്ലാസെക്രട്ടറി സി കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വി വി ബേബി അധ്യക്ഷനായി. സി ഭാസ്ക്കരൻ, കെ ശശാങ്കൻ, സി കെ സഹദേവൻ, സുരേഷ് താളൂർ എന്നിവർ സംസാരിച്ചു. പി കെ രാമചന്ദ്രൻ സ്വാഗതം പറഞ്ഞു. പിആർ ജയപ്രകാശ്, കെ കെ പൗലോസ്, കെ വി മോഹനൻ, കോടതി അബ്ദുറഹിമാൻ, എം എം ജോർജ്, വി വി രാജൻ എന്നിവർ നേതൃത്വം നൽകി. കോട്ടക്കുന്ന് നിന്ന് പ്രകടനമായാണ് സമര കേന്ദ്രത്തിലെത്തിയത്. ബത്തേരി, നെന്മേനി, തോമാട്ട് ചാൽ ലോക്കലുകളുടെ നേതൃത്വത്തിലായിരുന്നു ഉപരോധം. നൂൽപ്പുഴ, ഈസ്റ്റ് ബത്തേരി, ചീരാൽ ലോക്കലുകളുടെ നേതൃത്വത്തിലാണ് ഇന്നത്തെ സമരം.

മാനന്തവാടി പോസ്റ്റാഫീസിന് മുന്നിൽ ജില്ലാസെക്രട്ടറിയറ്റ് അംഗം പി എസ് ജനാർദ്ദനൻ ഉദ്ഘാടനം ചെയ്തു. പി കെ സുരേഷ് അധ്യകഷനായി. കെ വി മോഹനൻ, സി യു ഏലമ്മ, കെ ടി പ്രകാശ് എന്നിവർ സംസാരിച്ചു. എൻ എം ആൻറണി സ്വാഗതം പറഞ്ഞു. പി വി സഹദേവൻ, പി ജെ ആൻറണി, എം സി ചന്ദ്രൻ, എം റജീഷ്, പി ടി ബിജു, പി വി ബാലകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. തിരുനെല്ലി, മാനന്തവാടി ലോക്കലുകളുടെ നേതൃത്വത്തിലായിരുന്നു തിങ്കളാഴ്ചത്തെ സമരം. ഇന്ന് തവിഞ്ഞാൽ, വാളാട്, പേര്യ ലോക്കലുകളിലെ വളണ്ടിയർമാർ സമരത്തിൽ പങ്കെടുക്കും.

പാലക്കാടൻ കള്ളെന്ന പേരിൽ ജില്ലയിൽ സ്പിരിറ്റ് വിൽക്കുന്നു

സുൽത്താൻ ബത്തേരി: ജില്ലയിലെ ചില ഷാപ്പുകളിൽ പാലക്കാടുനിന്ന് പെർമിറ്റുമൂലം കള്ളുകൊണ്ടുവന്ന് ഗോഡൗണിൽവച്ച് സ്പിരിറ്റ് ചേർത്ത് ഷാപ്പുകളിൽ വിൽപന നടത്തുന്നത് ഉടൻ അവസാനിപ്പിക്കണമെന്ന് ചെത്ത് തൊഴിലാളി യൂണിയൻ ജില്ലാ ജനറൽ ബോഡിയോഗം ആവശ്യപ്പെട്ടു.

മീനങ്ങാടി കേന്ദ്രീകരിച്ചാണ് ഈ മായം ചേർക്കൽ നടക്കുന്നത്.

ജില്ലയിലെ എല്ലാ ഷാപ്പുകളിലും വിൽപനതൊഴിലാളികൾക്ക് അധികകൂലി നൽകിയാണ് വിൽപന നടത്തുന്നത്. എന്നാൽ എക്സൈസ് വകുപ്പ് സാമ്പിളെടുത്ത് പരിശോധനക്ക് അയക്കുന്നത് പിന്നീട് വെളിച്ചം കാണാറില്ല.

വ്യാജകള്ള് വിൽക്കുന്നതുമൂലം ചെത്ത് തെഅാഴിലാളികൾ ഉത്പാദിപ്പിക്കുന്ന കള്ള് കുടിക്കുവാൻ വരുന്നവർക്ക് ലഭിക്കുന്നില്ല.

വ്യവസായത്തെ നശിപ്പിക്കുകയും പൊതുജനങ്ങളിൽ കള്ളുഷാപ്പുകളെക്കുറിച്ച് അവമതിപ്പ് ഉണ്ടാകുകയും ചെയ്യുന്ന പ്രവണതക്കെതിരെ യൂണിയൻ സമരം ആരംഭിക്കും.

ഇത്തരം വ്യാജകള്ള് ഷാപ്പുകളിൽ കയറ്റുന്നത് തൊഴിലാളികൾ തടയും. ഈ മേഖലയിലെ ട്രേഡ് യൂണിയനുകൾ യോജിച്ച് ഈ വിപത്ത് അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് സതീഷ് കരടിപ്പാറ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്.ജി. സുകുമാരൻ റിപ്പോർട്ട് അവതരിപ്പിച്ചു.

പി. ആർ. ബാബു, ടി.കെ. ഗോപി, പി.യു. സുരേഷ്, കെ.കെ. സാബു, വി. കെ.മണി തുടങ്ങിയവർ പ്രസംഗിച്ചു.

കർഷകരെ രക്ഷിക്കാൻ മാമ്പഴ ഈച്ചക്കെണി

കരുനാഗപ്പള്ളി : കൃഷിക്കാർക്ക് കീടങ്ങളെ പേടിക്കാതെ ഇനി വിളവെടുപ്പ് നടത്താം. കീടങ്ങളുടെ ആക്രമണത്തിൽ നിന്നും മാങ്ങയെ സംരക്ഷിക്കുന്ന മാമ്പഴ ഈച്ചക്കെണിക്ക് പ്രചാരമേറുന്നു.

കൃഷ്ണപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാന കേന്ദ്രമാണ് മാമ്പഴ ഈച്ചക്കെണി വികസിപ്പിച്ചെടുത്തത്. ഒരുവർഷത്തിന് മുമ്പാണ് ഇതിന്റെ രൂപകൽപ്പന നടന്നതെങ്കിലും ഇപ്പോഴാണ് കൃഷിക്കാർ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത്. കരുനാഗപ്പള്ളി കൃഷിഭവൻ ആത്മാ പദ്ധതി പ്രകാരം മരുത്തൂർക്കുളങ്ങര തെക്ക് കൊട്ടയ്ക്കാട്ട് ഡോ. രാജന്റെ വീട്ടുവളപ്പിലുള്ള മാന്തോപ്പിൽ മാമ്പഴ ഈച്ചക്കെണി പരീക്ഷണാർത്ഥം സ്ഥാപിച്ചു. ഇവിടുത്തെ ഒറ്റ മാവിലും കീടങ്ങളുടെ ആക്രമണം ഉണ്ടായില്ലെന്ന് കരുനാഗപ്പള്ളി കൃഷി ഓഫീസർ എൻ.ടി. സോണിയ പറഞ്ഞു. ഡോ. രാജന്റെ മാന്തോപ്പിൽ കർപ്പൂര മാങ്ങ, പോളച്ചിറ, കറുത്ത മൂവാണ്ടൻ, വലിയകിളിച്ചുണ്ടൻ, ഉറിഞ്ചി, വെളുത്തമൂവാണ്ടൻ, കാഞ്ഞിപ്പുഴ തടിയൻ ഉൾപ്പെടെ 12 ഇനത്തിലുള്ള മാവുകളാണ് ഉള്ളത്.

മാവുകളിലെ തളിരിലകളെ സംരക്ഷിക്കാനും മാമ്പഴ ഈച്ചക്കെണിക്ക് കഴിയുമെന്ന് കണ്ടെത്തി. കൃഷിവിജ്ഞാനകേന്ദ്രം വികസിപ്പിച്ചെടുത്ത മാമ്പഴ ഈച്ചക്കെണി പൊതുവിപണിയിൽ വില്പനയ്ക്കായി എത്തിയിട്ടില്ലെങ്കിലും കൃഷിവിജ്ഞാന കേന്ദ്രത്തിൽ നിന്ന് 60 രൂപയ്ക്ക് ലഭിക്കും. ലളിതമായ സാങ്കേതികവിദ്യയാണ് മാമ്പഴ ഈച്ചക്കെണിയിലുള്ളത്. 750 മില്ലി വെള്ളം കൊള്ളുന്ന പ്ലാസ്റ്റിക് കുപ്പിയും ചെറിയ തടിക്കഷണവും നൂലും മാത്രമാണ് ഉപകരണ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ.

കുപ്പിയുടെ മദ്ധ്യഭാഗത്തിന് അല്പം മുകളിലായി ഇരുവശങ്ങളിലും നിന്ന് പ്ലാസ്റ്റിക് മുറിച്ചുമാറ്റുന്നു. എന്നിട്ട് വിഷം കലർന്ന ഹോർമോൺ ലേപനംചെയ്ത കനംകുറഞ്ഞ തടികഷണം നൂലിൽക്കെട്ടി കുപ്പിക്കുള്ളിൽ നിക്ഷേപിക്കുന്നു. നൂലിന്റെ അറ്റം കുപ്പിയുടെ മുകളിൽ കെട്ടിയശേഷം പ്ളാസ്റ്റിക് ടോപ്പ് ഉപയോഗിച്ച് നല്ലപോലെ ഒട്ടിക്കും. പിന്നീടിത് മാവിന്റെ ശിഖരങ്ങളിൽ കെട്ടിത്തൂക്കും.

ഹോർമോണിൽ നിന്നും പുറപ്പെടുന്ന മണത്തിൽ ആകൃഷ്ടരായി എതിർലിംഗത്തിലുള്ള കീടങ്ങൾ കൂട്ടത്തോടെ വിഷം പുരട്ടിയ തടിയിൽ ഒട്ടിപ്പിടിക്കും. ഇതോടെ കീടങ്ങൾ ചത്ത് കുപ്പികളിൽ വീഴും.

മാവ് പൂത്ത് കണ്ണിമാങ്ങ ആകുമ്പോൾ ഇതിനുള്ളിൽ കടക്കുന്ന കീടങ്ങൾ മാങ്ങയിൽ മുട്ടയിടുന്നു. മാങ്ങ വളർന്ന് പാകമാകുമ്പോൾ മുട്ടവിരിഞ്ഞ് പുഴു ആകുന്നതോടെ മാങ്ങ ഉപയോഗശൂന്യമായി മാറും. മാവ് പൂക്കുന്ന സമയത്തിന് മുമ്പുതന്നെ മാമ്പഴ ഈച്ചക്കെണി മാവിൽ കെട്ടിത്തൂക്കിയിട്ടാൽ കീടങ്ങളുടെ ആക്രമണത്തിൽ നിന്നും മാമ്പഴങ്ങളെ സംരക്ഷിക്കാം.

ആത്മ പദ്ധതി പ്രകാരം ഡോ. രാജന്റെ പുരയിടത്തിലെ മാന്തോപ്പിൽ സ്ഥാപിച്ച മാമ്പഴ ഈച്ചക്കെണി

തിരുമാന്ധാംകുന്നിൽ ദ്രവ്യകലശം 15ന് തുടങ്ങും

പെരിന്തൽമണ്ണ: പൂരാഘോഷത്തിന്റെ മുന്നോടിയായി പതിവുള്ള ദ്രവ്യകലശം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ 15ന് ആരംഭിക്കും. ക്ഷേത്രത്തിൽ അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്ന മൂല്യച്യുതികൾ പരിഹരിക്കുന്നതിന് നടത്തുന്ന വിശിഷ്ട താന്ത്രിക ചടങ്ങുകളാണ് ദ്രവ്യകലശം.

എട്ടുദിവസത്തെ ക്രിയകൾക്ക് തന്ത്രി പന്തലക്കോടത്ത് കദംബൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 15ന് തന്ത്രിപ്രമുഖർ പങ്കെടുക്കും. 15ന് വൈകീട്ട് ആചാര്യവരണത്തോടെ ആരംഭിക്കുന്ന ചടങ്ങുകൾ 22ന് രാവിലെ ശിവന് ബ്രഹ്മകലശാഭിഷേകത്തോടെയാണ് സമാപിക്കുക.

അന്ന് പുലർച്ചെ അഷ്ടദ്രവ്യ മഹാഗണപതിഹോമവും ശ്രീമൂലസ്ഥാനത്ത് ലളിത സഹസ്രനാമലക്ഷാർച്ചനയും നടത്തും. രാത്രി അത്താഴപൂജക്ക് ശേഷമായിരിക്കും ഈ വർഷത്തെ വിശേഷകളംപാട്ടും രോഹിണിപ്പാട്ടും 23നാണ് ഈ വർഷത്തെ പൂരം പുറപ്പാട്. 11 ദിവസത്തെ പൂരാഘോഷത്തിൽ രാവിലെയും രാത്രിയും ഉള്ള ആറാട്ടെഴുന്നള്ളിപ്പാണ് മുഖ്യ ചടങ്ങ്.

ഏപ്രിൽ രണ്ടിന് രാത്രി 21-ാംമത്തെ ആറാട്ടിനു ശേഷം 21ന് തന്നെ എഴുന്നെള്ളിപ്പ് ക്ഷേത്രം പ്രദക്ഷിണം നടത്തി ദേവിയെ മാതൃശാലയിലേക്ക് ആനയിക്കുന്നതോടെ സമാപിക്കും.

സംസ്ഥാന ബഡ്ജറ്റ് പറവൂരിന്റെ വികസനത്തിന് 35 കോടി

പറവൂർ : സംസ്ഥാന ബഡ്ജറ്റിൽ പറവൂർ നിയോജക മണ്ഡലത്തിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 35 കോടി രൂപ അനുവദിച്ചതായി വി. ഡി. സതീശൻ എം. എൽ. എ അറിയിച്ചു.

നഗരത്തിലെ കാളത്തോട് നവീകരണത്തിന് 150 ലക്ഷം രൂപയും, ചേന്ദമംഗലം കവല വികസനത്തിന് 90 ലക്ഷം രൂപയും ചാത്തനാട് പുഴയുടെ ആഴം വർദ്ധിപ്പിക്കാൻ 25 ലക്ഷം രൂപയും അനുവദിച്ചു.

തത്തപ്പിള്ളി - വള്ളുവള്ളി പാലം (407 ലക്ഷം), കുണ്ടേക്കാവ് പാലം (230 ലക്ഷം), കടക്കര ആമ്പത്തോട് പാലം (200 ലക്ഷം), പന്നക്കാട് - തുരുത്ത് പാലം (200 ലക്ഷം) എന്നിങ്ങനെയാണ് തുക അനുവദിച്ചിരിക്കുന്നത്.പുതിയതായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത 9 റോഡുകളുടെ നിർമ്മാണത്തിന് 890 ലക്ഷം രൂപയും പൊതുമരാമത്ത് വകുപ്പിന്റെ പഴയ റോഡുകളുടെ പുനരുദ്ധാരത്തിന് 13 കോടിയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

പൊലീസിൽ നട്ടെല്ലുള്ള ആണുങ്ങളില്ലേ ?

തെങ്ങേലിയിൽ കർഷക ഹൃദയം വെട്ടിക്കീറയവരെ പിടികൂടാനായില്ല

തിരുവല്ല: കുറ്റൂർ പഞ്ചായത്ത് ഭരിക്കുന്നത് സ്പിരിറ്റ് മണൽ മാഫിയ സംഘങ്ങളാണെന്ന് തോന്നിപ്പിക്കും വിധമാണ് കാര്യങ്ങൾ . തെങ്ങേലി ഒട്ടത്തിൽ പാടശേഖരത്തിൽ റബർ തൈകൾ വ്യാപകമായി നശിപ്പിച്ച സംഭവത്തിലെ പ്രതികൾ ഇപ്പോഴും പൊലീസിന് മുന്നിൽ അദൃശ്യരാണ്. സംഭവം നടന്നിട്ട് ഇന്ന് ആറുദിവസം. നഷ്ടം നേരിട്ട കർഷകരെയും സമീപവാസികളെയും ചോദ്യം ചെയ്യുന്നതിന്റെ തിരക്കിലാണ് പൊലീസ്. റബർ മരങ്ങൾ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം നേരിട്ട കർഷകർക്ക് ജനപ്രതിനിധികളുടെ ആശ്വാസ വാക്കുകളിലാണ് പ്രതീക്ഷ. ഈ സംഭവത്തിനുശേഷം ഞായറാഴ്ച രാത്രിയിൽ സ്പിരിറ്റ് മാഫിയ സംഘങ്ങളുടെ ആക്രമണത്തിൽ മൂന്ന് യുവാക്കൾക്ക് മർദ്ദനമേറ്റു.

സ്പിരിറ്റ് വില്പനയെക്കുറിച്ച് വിവരം പൊലീസിന് കൈമാറിയതിന്റെ പകപോക്കലാണ് മർദ്ദനത്തിന് കാരണം. കേസിൽ ആരെയും പിടികൂടാൻ പൊലീസിന് കഴിഞ്ഞിട്ടില്ല. ഒരുമാസം മുമ്പ് ഡി. വൈ. എഫ്. ഐ നേതാവിനെ മണൽ മാഫിയ സംഘം ഗുരുതരമായി വെട്ടിപരിക്കേല്പിച്ചിരുന്നു. റബർ കൃഷി നശിപ്പിക്കപ്പെട്ട പാടശേഖരം ഇന്നലെ ദക്ഷിണമേഖല ഐ. ജി എ. ഹേമചന്ദ്രൻ സന്ദർശിച്ചു. ഒരാഴ്ചയാകാറായിട്ടും പ്രതികളെ പിടികൂടാത്തതിൽ പൊലീസിന്റെ ഗുരുതരമായ വീഴ്ചയാണെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്. പൊലീസ് സ്പിരിറ്റ് മാഫിയ സംഘങ്ങൾക്ക് മുന്നിൽ വിനീതദാസരായി മാറിയെന്ന ആക്ഷേപം ശക്തമാണ്. അതിരൂപത ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പൊലീത്ത കൃഷി സ്ഥലം സന്ദർശിച്ചു. കുറ്റക്കാരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ജനതാദൾ (വീരേന്ദ്രകുമാർ) നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് റോണി ഉമ്മൻ അദ്ധ്യക്ഷനായിരുന്നു. പാർട്ടി സീനിയർ വൈസ് പ്രസിഡന്റ് ഡോ. വർഗീസ് ജോർജ് ഉദ്ഘാടനം ചെയ്തു. കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകണമെന്ന് ആർ. വൈ. എഫ് മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡന്റ് പ്രേംജിത്ത് ശർമ്മ അദ്ധ്യക്ഷനായിരുന്നു. റബർ കൃഷി നശിപ്പിച്ച സംഭവത്തിലെ കുറ്റക്കാരെ കണ്ടെത്തുന്നതിൽ പൊലീസ് അനാസ്ഥ കാട്ടുകയാണെന്ന് കുറ്റൂർ മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റി ആരോപിച്ചു. പ്രസിഡന്റ് വിശാഖ് വെൺപാല അദ്ധ്യക്ഷനായിരുന്നു.

കുറ്റക്കാരെ അടിയന്തരമായി അറസ്റ്റ് ചെയ്യണമെന്ന് വീരശൈവ മഹാസഭ യൂത്ത് മൂവ്മെന്റ് സംസ്ഥാന യൂണിറ്റ് ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ജി. എസ്. ബിനു, ജനറൽ സെക്രട്ടറി അഡ്വ. എ. വി. അരുൺ പ്രകാശ് എന്നിവർ സംസാരിച്ചു.

റബർ കൃഷി നശിപ്പിച്ച തെങ്ങേലിയിൽ കർഷകരിൽ നിന്ന് ദക്ഷിണ മേഖല ഐ. ജി എ. ഹേമചന്ദ്രൻ വിവരങ്ങൾ ആരായുന്നു.എസ്. പി സഞ്ജയ് കുമാർ സമീപം.

എസ്. പിയുടെ നേതൃത്വത്തിൽ അന്വേഷിക്കും : ഐ.ജി ഹേമചന്ദ്രൻ

തെങ്ങേലിയിൽ റബർ കൃഷി നശിപ്പിച്ച സംഭവം ജില്ലാ പൊലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള സംഘം അന്വേഷിക്കുമെന്ന് ദക്ഷിണ മേഖല ഐ. ജി എ. ഹേമചന്ദ്രൻ പറഞ്ഞു. ഒട്ടത്തിൽ പാടശേഖരം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി നാശം സംഭവിച്ച കർഷകരോടും അന്വേഷണ ഉദ്യോഗസ്ഥരോടും ഐ. ജി വിവരങ്ങൾ ചോദിച്ചറിഞ്ഞു. എസ്. പി സഞ്ജയ് കുമാർ, ഡിവൈ. എസ്. പി വിനോദ് കുമാർ, സി. ആർ. ജയരാജ്, എസ്. ഐ എ. അനിൽ കുമാർ എന്നിവർ ഒപ്പം ഉണ്ടായിരുന്നു.

കർഷകർക്ക് നഷ്ട പരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് കൗൺസിൽ മുഖ്യ മന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും നിവേദനം നൽകാൻ തീരുമാനിച്ചു. പ്രസിഡന്റ് പി. ഡി. ജോർജ് അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ഷാജി, വി. പി. എൻ. നമ്പ്യാർ എന്നിവർ സംസാരിച്ചു.

കുറ്റവാളികൾക്കെതിരെ കർശന നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ബി. ജെ. പി കുറ്റൂർ വില്ലേജ് ഓഫീസിന് മുന്നിൽ ധർണ നടത്തി.

ജില്ലാ പ്രസിഡന്റ് വി. എൻ. ഉണ്ണി ഉദ്ഘാടനം ചെയ്തു.

നിയോജക മണ്ഡലം പ്രസിഡന്റ് വിനോദ് തിരുമൂലപുരത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ സെക്രട്ടറി വിജയകുമാർ മണിപ്പുഴ, സി. കെ. അനിൽ, കെ. കെ. രാമകൃഷ്ണപിള്ള, സുരേഷ് ഓടയ്ക്കൽ, സുരേന്ദ്രൻ നായർ, രാധാകൃഷ്ണൻ, വേണാട്, പി. കെ. വിജയൻ നായർ, ശ്രീനിവാസ് പുറയാറ്റ്, പ്രസന്ന സതീഷ്, ശ്യാം. ടി, ബിന്ദു സുരേഷ്, പ്രസന്നകുമാർ, കെ. ചെല്ലപ്പൻ എന്നിവർ സംസാരിച്ചു.

ജംഗ്ഷനിൽ നിന്ന് ആരംഭിച്ച വില്ലേജ് ഓഫീസ് മാർച്ച് ബി. ജെ. പി സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ആർ. പ്രതാപചന്ദ്രവർമ്മ ഉദ്ഘാടനം ചെയ്തു.

കുടുംബതർക്കം: യുവതിയും മക്കളും ഒരാഴ്ചയായി കാർപോർച്ചിൽ

ആലുവ: കോടതി ഉത്തരവ് നടപ്പാകാതിരിക്കാൻ ഭർതൃമാതാവ് വീടുപൂട്ടി സ്ഥലം വിട്ടതിനെ തുടർന്ന് യുവതിയും കൈകുഞ്ഞുങ്ങൾക്കും ഒരാഴ്ച്ചയോളമായി കാർപോർച്ചിൽ അന്തിയുറക്കം. എടത്തല കുഞ്ചാട്ടുകര തയ്യാലയ്ക്കൽ വിജേഷിന്റെ ഭാര്യ സീന മക്കളായ ലെന (അഞ്ച്), അന്ന (ഒന്ന്) എന്നിവരാണ് ഏഴ് ദിവസമായി പോർച്ചിൽ കഴിയുന്നത്. ഭർത്താവ് വിജേഷും മാതാവ് മോളിയും ചേർന്ന് വീട്ടിൽ നിന്ന് പുറത്താക്കിയതിനെ തുടർന്ന് അഡ്വ. അഞ്ജലി സൈറസ് മുഖേന സമർപ്പിച്ച ഹർജിയിൽ ആലുവ ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് വി. എസ്. വിദ്യാധരനാണ് സീനയ്ക്കും മക്കൾക്കും വീട്ടിൽ താമസിക്കുന്നതിന് അവകാശമുണ്ടെന്ന് ഉത്തരവിട്ടത്. ആലുവ പൊലീസിനോടൊപ്പം യുവതി ഉത്തരവുമായെത്തിയപ്പോഴാണ് ഇത് കൈപ്പറ്റാതെ മാതാവ് വീട് പൂട്ടി സ്ഥലം വിട്ടത്. വീട് തുറന്ന് താമസിക്കാൻ വാക്കാൽ നിർദ്ദേശം നൽകി പൊലീസും സ്ഥലം വിട്ടതോടെയാണ് ഇവർ കാർപോർച്ചിൽ അഭയം തേടിയത്.

ഏഴ് വർഷം മുമ്പ് 15 പവൻ സ്വർണ്ണവും ഒരു ലക്ഷം രൂപയും സ്ത്രീധനമായി വാങ്ങിയാണ് കെട്ടിട നിർമ്മാണ തൊഴിലാളിയായ വിജേഷ് കാലടി സ്വദേശിനി സീനയെ വിവാഹം കഴിച്ചത്. ഈ സ്വർണ്ണം വിറ്റു കിട്ടിയ പണം കൊണ്ടാണ് കുഞ്ചാട്ടുകരയിൽ വിജേഷ് മാതാവ് മോളി ജെയിംസിന്റെ പേരിൽ വീട് വാങ്ങിയത്.